**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 550** **28-06-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. ചിട്ടികളുടെയും ലോണുകളുടെയും ജാമ്യവ്യവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. ചിട്ടികൾക്കും ലോണുകൾക്കും നിലവിലുള്ള ജാമ്യവ്യവസ്ഥകൾ വിശദമാക്കാമോ; | (എ) | വസ്തുജാമ്യം, ഉദ്യോഗസ്ഥ ജാമ്യം, കെ.എസ്.എഫ്.ഇ യിലേയും ബാങ്കുകളി ലേയും സ്ഥിര നിക്ഷേപങ്ങൾ, എൽ.ഐ.സി പോളിസി, ബാങ്ക് ഗ്യാരണ്ടി, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, കിസാൻ വികാസ് പത്ര, കെ.എസ്.എഫ്.ഇ യിലെ വിളിക്കാത്ത ചിട്ടിയുടെ പാസ്സ്ബുക്ക്, സ്വർണ്ണാ ഭരണങ്ങൾ എന്നിവയാണ് ചിട്ടികൾക്കും ലോണുകൾക്കും ജാമ്യമായി കെ.എസ്.എഫ്.ഇ സ്വീകരിക്കുന്നത് |
| (ബി) | ചിട്ടികൾക്കും ലോണുകൾക്കും ഉദ്യോഗസ്ഥജാമ്യം സ്വീകരിയ്ക്കുമ്പോൾ പ്രസ്തുത ഉദ്യോഗസ്ഥരുടെ ഓഫീസിൽ അന്വേഷണം നടത്താറുണ്ടോ; വിശദമാക്കാമോ; | (ബി) | ടെലഫോൺ, രജിസ്ട്രേഡ് ലെറ്റർ എന്നിവ വഴി അന്വേഷണം നടത്താറുണ്ട്. |
| (സി) | ജാമ്യം നിന്ന ഉദ്യോഗസ്ഥർ റിക്കവറി നേരിടുമ്പോൾ പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി തുക ഈടാക്കണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ; പ്രസ്തുത ഉത്തരവ് എല്ലാ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളും പാലിക്കാറുണ്ടോ; വിശദമാക്കാമോ; | (സി) | നികുതി വകുപ്പിൽ നിന്നും അത്തരത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | കൊല്ലം കടപ്പാക്കട ബ്രാഞ്ചിൽ ചിട്ടിയ്ക്ക് ജാമ്യം നിന്ന ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി ഈടാക്കാതെ ഒരു ഉദ്യോഗസ്ഥനിൽ നിന്നു മാത്രം റിക്കവറി തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജാമ്യം നിന്ന മറ്റ് ഉദ്യോഗസ്ഥരിൽനിന്നും റിക്കവറി തുക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിക്കവറി നടത്തണമെന്നാവശ്യപ്പെട്ട് വീണ്ടും മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ കത്ത് നൽകുകയും ഡ്രോയിങ് ഓഫീസറെ നേരിൽക്കണ്ട് വിവരം ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ